"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2023-24 - കുന്ദമംഗലം റൂറൽ സഹകരണ ബാങ്ക് ലിമി നം എഫ്.1481 (കോഴിക്കോട്) ന് ധനസഹായം അനുവദിക്കുന്നത് - ഭരണാനുമതി പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.140/2024/Co-Op തീയതി,തിരുവനന്തപുരം, 07-03-2024

---

പരാമർശം:- 1. സ.ഉ (സാധാ) നം. 20/2022/സഹ തീയതി 13/01/2023

2. 24/09/2023 ലെ സഹകരണ സംഘം രജിസ്ട്രാറുടെ ആർ.സി.എസ്./7561/22 പി&എം എ (5) നം കത്ത്

3. സ.ഉ (സാധാ) നം. 790/2024/ധന തീയതി 27/01/2024

**<u>ഉത്തരവ്</u>**

കുന്ദമംഗലം റൂറൽ സഹകരണ ബാങ്ക് ലിമി നം എഫ്.1481 (കോഴിക്കോട്) ന്, പോളി ക്ലിനിക്ക്, ഡയഗ്നോസ്റ്റിക് സെന്റർ എന്നിവ ആരംഭിക്കുന്നതിന്, മാതൃക സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി പ്രകാരം 25.00 ലക്ഷം രൂപ (ഇരുപത്തഞ്ച് ലക്ഷം രൂപ മാത്രം) ധനസഹായം 2022-23 സാമ്പത്തികവർഷത്തിൽ അനുവദിയ്ക്കുന്നതിന് പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത മൂലം ടി തുക 2022-23 സാമ്പത്തികവർഷത്തിൽ പിൻവലിച്ച് നൽകാൻ സാധിച്ചിരുന്നില്ല. പ്രസ്തുത തുക 2023-24 സാമ്പത്തികവർഷത്തിൽ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (2) കത്ത് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കുന്ദമംഗലം റൂറൽ സഹകരണ ബാങ്ക് ലിമി നം എഫ്.1481 (കോഴിക്കോട്) ന്, പോളി ക്ലിനിക്ക്, ഡയഗ്നോസ്റ്റിക്

സെന്റർ എന്നിവ ആരംഭിക്കുന്നതിന്, മാതൃക സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി പ്രകാരം 25.00 ലക്ഷം രൂപ (ഇരുപത്തഞ്ച് ലക്ഷം രൂപ മാത്രം) ധനസഹായം ചുവടെ പറയും പ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ അനുവദിയ്ക്കുന്നതിന് ഭരണാനുമതി പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | റവന്യൂ ശീർഷകം | തുക (രൂപയിൽ ) | എ.എസ് നമ്പർ | കാലാവധി |
|---|---|---|---|---|
| 1 | 2425-00-108-41-00-34-3-P-V സബ്സിഡി | 5,00,000 | AS/COP/23/33789 | 31/03/2024 |
| 2 | 4425-00-108-37-00-34-3-P-V ഓഹരി | 10,00,000 | AS/COP/23/33790 | 31/03/2024 |
| 3 | 6425-00-108 -13 വായ്പ | 10,00,000 | AS/COP/23/33791 | 31/03/2024 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
AJI PHILIP
അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി1/325/2022/ധന)

വെബ് & ന്യൂ മീഡിയ, കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Radhika P
Date: 07-03-2024 16:35:31
സെക്ഷൻ ഓഫീസർ

പകർപ്പ്:- 1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

2. സഹകരണ വകുപ്പ് സെക്രട്ടറിയുടെ സി.എ ക്ക്

3. സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.